**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551** **08-10-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിൽ വിതരണം ചെയ്യാനുള്ള പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | എ) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ എറണാകുളം, ചേരാനെല്ലൂർ എന്നീ 2 വില്ലേജുകളിലായാണ് ഷൺമുഖപുരം കോളനി സ്ഥിതി ചെയ്യുന്നത്. എറണാകുളം വില്ലേജ് സർവ്വെ നമ്പർ 843-ൽ പ്പെട്ട കായൽ പുറമ്പോക്ക് വസ്തുവിൽ 17 കുടുംബങ്ങളും, ചേരാനെല്ലൂർ വില്ലേജ് സർവ്വെ നമ്പർ 985-ൽപ്പെട്ട പുഴപുറമ്പോക്ക് ഭൂമിയിൽ 46 കുടുംബങ്ങളും താമസിച്ചു വരുന്നു. ആയതിൽ എറണാകുളം വില്ലേജിൽപ്പെട്ട ഭൂമി കൊച്ചിൻ പോർട്ടിൻറെ പരിധിയിലുള്ള കായൽ പുറമ്പോക്ക് ആയതിനാൽ കൊച്ചിൻ പോർട്ടിൻറെ NOC ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നിരസിച്ചു മറുപടി ലഭിച്ചിട്ടുള്ളതുമാണ്.<br><br>എന്നാൽ, പ്രസ്തുത ഭൂമി കൊച്ചിൻ പോർട്ട് ട്രസ്റ്റിൻറെ ഉടമസ്ഥതയിലുള്ളതാണോ അതോ സർക്കാർ ഭൂമിയാണോ എന്നു വ്യക്തമാക്കാത്ത സാഹചര്യത്തിൽ ടി ഭൂമി അളന്നു തിട്ടപ്പെടുത്തി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ താലൂക്ക് തലത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ എറണാകുളം ചേരാനെല്ലൂർ വില്ലേജുകളിൽപ്പെട്ട പ്രസ്തുത ഭൂമി കായൽ/പുഴ ആയതിനാലും പ്രസ്തുത പുറമ്പോക്കുകൾ തദ്ദേശ സ്വയംഭരണ വകുപ്പിൻറെ അധീനതയിൽ വരുന്നതിനാലും ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | എറണാകുളം മണ്ഡലത്തിൽ എറണാകുളം വില്ലേജിൽ ഉൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ഇക്കാര്യം സർക്കാരിൻറെ പരിഗണനയിലാണ്. |
| (സി) | എറണാകുളം മണ്ഡലത്തിൽ ഇളംകുളം വില്ലേജിൽ ഉൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | കണയന്നൂർ താലൂക്കിലെ എളംകുളം വില്ലേജിൽ സർവ്വെ നം.1038-ൽ പെട്ട ഭൂമി വില്ലേജ് രേഖകളിൽ പുഴ പുറമ്പോക്ക് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയം സംസ്ഥാന പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ച് വരുന്നു. പതിവിനാസ്പദമായ ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടതായതിനാൽ കൊച്ചിൻ കോർപ്പറേഷനിൽ (ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ) നിക്ഷിപ്തമായ പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ